# രക്ഷയുടെ പാതയിൽ



# സഭ ആരാധനാസമൂഹം

**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി**

൯

# ഉള്ളടക്കം


1. ദൈവാരാധന
2. അടയാളങ്ങളും പ്രതീകങ്ങളും
3. അടയാളങ്ങളും പ്രതീകങ്ങളും വിശുദ്ധകുർബാനയിൽ
4. വിശുദ്ധകുർബാന പരമോന്നത ആരാധന
5. വിശുദ്ധകുർബാന ആമുഖശുശ്രൂഷയും വചനശുശ്രൂഷയും
6. വിശുദ്ധകുർബാന ഒരുക്കശുശ്രൂഷയും അനാഫൊറയും
7. വിശുദ്ധകുർബാന ദൈവൈക്യശുശ്രൂഷയും സമാപനവും
8. ദൈവവചനവും ക്രൈസ്തവജീവിതവും
9. കൂദാശകളും ക്രൈസ്തവജീവിതവും
10. പ്രവേശക കൂദാശകൾ
11. സൗഖ്യദായക കൂദാശകൾ
12. തിരുപ്പട്ടം
13. വിവാഹം
14. ആരാധനാവൽസരവും ക്രൈസ്തവജീവിതവും
15. സമർപ്പിതജീവിതം

# പാഠം- 7



## വിശുദ്ധകുർബാന
## ദൈവികശുശ്രൂഷയും സമർപ്പണവും

# വിശുദ്ധകുർബാന
# ദൈവൈക്യശുശ്രൂഷയും സമാപനവും

1. അനുരഞ്‌ജനശുശ്രുഷ
2. വിഭജനശുശ്രൂഷ
3. ദൈവൈക്യശുശ്രൂഷ
4. സമാപനശുശ്രൂഷ

# അനുരഞ്ജനശുശ്രൂഷ

- ദൈവൈക്യത്തിലേക്കു നമ്മെ നയിക്കുന്ന അനുരഞ്ജനം നേടാൻ വിശുദ്ധ കുർബാന സ്വീകരണത്തിന് മുമ്പുള്ള അനുരഞ്ജന ശുശ്രൂഷ നമ്മെ സഹായിക്കുന്നു.

# വിഭജനശുശ്രൂഷ

❖തുടർന്നുവരുന്ന വിഭജനശുശ്രൂഷ വിശുദ്ധ കുർബാനയുടെ പാപമോ
ചക സ്വഭാവം വ്യക്തമാക്കുന്ന ഒരു കർമ്മമാണ്.

1. **നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും....**

❖ഈ പ്രാർത്ഥനയോടുകൂടി വിഭജനശുശ്രൂഷ അവസാനിക്കുന്നു. മിശിഹാ
യുടെകൃപയും പിതാവിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നമു
ക്കു, സ്വർഗീയ ജീവിതത്തിന്റെ അനുഭവം നൽകുന്നു.

2. **അനുരഞ്ജന കാറോസൂസ**

❖നമ്മുടെ രക്ഷകന്റെ അമൂല്യമായ ശരീരരക്തങ്ങളുടെ രഹസ്യങ്ങളെ... എന്നു
തുടങ്ങുന്ന കാറോസൂസ വിശുദ്ധ കുർബാന സ്വീകരണത്തിനുള്ള അടുത്ത ഒരു
ക്കമാണ്.

# ദൈവൈക്യശുശ്രൂഷ

❖ദൈവൈക്യശുശ്രൂഷയുടെ പ്രധാനഘടകം വിശുദ്ധ കുർബാന സ്വീകരണവും അതുവഴി ലഭ്യമാകുന്ന ദൈവൈക്യവുമാണ്.

1. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ....

❖പ്രലോഭനത്തിൽ ഉൾപ്പെടുത്താതിരിക്കുവാൻ ദൈവത്തിന്റെ സഹായം പ്രത്യേകമായി യാചിച്ചുകൊണ്ടാണ് കാർമികൻ തുടർന്നു പ്രാർത്ഥിക്കുന്നത്.

❖ജീവന്റെ അപ്പമായ മിശിഹായുടെ തിരുശരീര രക്തങ്ങൾ സ്വീകരിക്കുന്നതിലൂടെ ഓരോ വ്യക്തിയും തന്റെ ഹൃദയത്തിലേക്ക് മിശിഹായെ നാഥനായി സ്വീകരിക്കുന്നു. ആരാധനാസമൂഹത്തിലെ ഓരോരുത്തർക്കും ഈ അനുഭവം ലഭ്യമാകട്ടെ എന്നാണ് ഈ സമാധാനാശംസ അർത്ഥമാക്കുന്നത്.

## 2. വിശുദ്ധ കുർബാന സ്വീകരണത്തിനുള്ള ആഹ്വാനം

- ജീവന്റെ അപ്പമായ മിശിഹായുടെ തിരുശരീര രക്തങ്ങൾ സ്വീകരിക്കുന്നതിലൂടെ ഓരോ വ്യക്തിയും തന്റെ ഹൃദയത്തിലേക്ക് മിശിഹായെ നാഥനായി സ്വീകരിക്കുന്നു. ആരാധനാസമൂഹത്തിലെ ഓരോരുത്തർക്കും ഈ അനുഭവം ലഭ്യമാകട്ടെ എന്നാണ് ഈ സമാധാനാശംസ അർത്ഥമാക്കുന്നത്.

## 3. ത്രിതൈക ദൈവത്തിന്റെ പരിശുദ്ധിയിൽ പങ്കുപറ്റുന്നു.

❖'വിശുദ്ധ കുർബാന വിശുദ്ധർക്കുള്ളതാകുന്നു' എന്ന ഉദ്ബോധനം വിശുദ്ധ കുർബാനയുടെ സ്വീകരണത്തിലൂടെ നാം പരിശുദ്ധനായ പിതാവിനോടും പരിശുദ്ധനായ പുത്രനോടും പരിശുദ്ധനായ റൂഹായോടുമാണ് ബന്ധപ്പെടുന്നതെന്നും അതുവഴി നാം ദൈവിക പരിശുദ്ധിയിൽ പങ്കുചേരുകയാണെന്നും നമ്മെ അനുസ്മരിപ്പിക്കുന്നു.

## 4. വിശുദ്ധകുർബാന സ്വീകരണം

❖അവിടുത്തെ കൃപയാണ് നമ്മെ ദിവ്യകാരുണ്യ സ്വീകരണത്തിനു യോഗ്യരാക്കുന്നത്. ഈ കൃപയ്ക്കായി ഹൃദയത്തിൽ പ്രാർത്ഥിച്ചുകൊണ്ടുവേണം വിശുദ്ധകുർബാന സ്വീകരിക്കുവാൻ. അവിടുത്തെ തിരുശരീരരക്തങ്ങൾ സ്വീകരിക്കുന്നത് വിശുദ്ധ കുർബാനാനുഭവത്തിന്റെ പൂർണതയ്ക്ക് ആവശ്യമാണ്

## 5. വിശുദ്ധ കുർബാനയുടെ ഫലങ്ങൾ

❖ വിശുദ്ധകുർബാന വിരുന്നും ബലിയുമാണ്. ഇത് പാപമോചനവും കടങ്ങളുടെ പൊറുതിയും ദൈവീക ജീവനും നൽകുന്നു. മരിച്ചവരുടെ ഉത്ഥാനത്തിലുള്ള പ്രത്യാശയും സ്വർഗത്തിൽ നവമായ ജീവിതവും നമുക്ക് വാഗ്ദാനം ചെയ്യുന്നു. ഇത് രക്ഷയുടെ അനുഭവം പ്രദാനം ചെയ്യുന്നു. തന്നിമിത്തം വിശുദ്ധകുർബാന ക്രൈസ്തവ ജീവിതത്തിന്റെ കേന്ദ്രമാണ്.

# സമാപനശുശ്രൂഷ

- ദൈവത്തിന്റെ അവർണനീയ ദാനമായ വിശുദ്ധകുർബാനയ്ക്കായി സമൂഹവും ശുശ്രൂഷികളും കാർമികനും പ്രത്യേകം പ്രത്യേകം സമർപ്പിക്കുന്ന കൃതജ്ഞതാപ്രാർത്ഥനകളാണ് സമാപനശുശ്രൂഷയുടെ പ്രധാന ഉള്ളടക്കം. കർതൃപ്രാർത്ഥന (ആഘോഷമായ ക്രമത്തിൽ), സമാപനാശീർവാദം, വിടവാങ്ങൽ പ്രാർത്ഥന, ബലിപീഠചുംബനം എന്നിവയാണ് ഈ ഭാഗത്തെ ഇതര കർമങ്ങളും പ്രാർത്ഥനകളും.

## 1. കൃതഞ്ജതാപ്രാർത്ഥനകൾ

❖ വിശുദ്ധ കുർബാനയിലൂടെ സ്വർഗ്ഗത്തിന്റെ മുന്നാസ്വാദനം ലഭിച്ച ആരാധനാ സമൂഹം യുഗാന്ത്യത്തിലും സ്വർഗീയ ജീവിതത്തിലും പ്രത്യാശ അർപ്പിച്ചുകൊണ്ട് കൃതഞ്ജതാപ്രാർത്ഥനകളിലൂടെ കർത്താവിന് സ്തോത്രം ചെയ്യുന്നു. ജീവദായകമായ ഈ ബലിയിൽ പങ്കുചേരാൻ യോഗ്യമാക്കിയതിനു നന്ദി പറയുന്നതോടൊപ്പം ബലിയർപ്പണത്തിന്റെ ഫലങ്ങളായ പാപമോചനവും ഉയിർപ്പും സ്വർഗ്ഗത്തിൽ നവ ജീവിതവും ലഭിക്കുന്നതിനായി പ്രർത്ഥിക്കുകയും ചെയ്യുന്നു.

## 2. സമാപനാശീർവാദം

- തുടർന്നുള്ള ജീവിതത്തിൽ വാക്കിലൂടെയും പ്രവർത്തിയിലൂടെയും ദൈവ വചനത്തിനു സാക്ഷികളാകുവാനുള്ള ആശീർവാദമാണ് ഈശോ ഇതുവഴി നൽകുന്നത്.

## 3. ബലിപീഠം ചുംബിക്കുന്നു

- കർത്താവിന്റെ കബറിടവും നമ്മുടെ വിശുദ്ധീകരണത്തിന്റെ വേദിയുമായ ബലിപീഠം ചുംബിച്ചുകൊണ്ട് അതിനോടു വിടപറയുന്ന പ്രാർത്ഥന കാർമികൻ ചൊല്ലുന്നു.

## എന്റെ തീരുമാനം

വിശുദ്ധ കുർബാനയിൽ പങ്കെടുക്കുമ്പോ
ഴെല്ലാം ഞാൻ ദിവ്യകാരുണ്യം സ്വീകരിക്കും.


വിശുദ്ധകുർബാന ദൈവൈക്യശുശ്രൂഷയും സമാപനവും
ഓർമിക്കാൻ ഒരു തിരുവചനം
“എന്റെ ശരീരം ഭക്ഷിക്കുകയും
എന്റെ രക്തം പാനം ചെയ്യുകയും
ചെയ്യുന്നവനു നിത്യജീവനുണ്ട്
”(യോഹ.6:54)